സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

eosabarimala@gmail.com

ഇ.ഒ.പി. നമ്പർ : 196/23/ശബ.

എക്സിക്യൂട്ടീവ് ഓഫീസ്
ശബരിമല
09-01-2024

## ശബരിമല ദേവസ്വം വെടിവഴിപാട് സംബന്ധിച്ച കുത്തക പരസ്യം

ശബരിമല ദേവസ്വത്തിലെ 1199 എം.ഇ. മഹോത്സവങ്ങളുടെ ഭാഗമായി ശബരിമല ദേവസ്വത്തിൽ ആചാരപരമായി നടത്തുന്ന വെടിവഴിപാട് (1199 എം.ഇ.) 2024 ജനുവരി 10-ാംതീയതി മുതൽ 2024 ഒക്ടോബർ 21-ാം തീയതി വരെയുള്ള കുത്തക ദേവസ്വം ബോർഡ് ഓഫീസിൽ നിന്നും 07-08-2023 ലെ ആർ.ഒ.സി. 04/2023/ശബ. നമ്പരായി പ്രസിദ്ധീകരിച്ച കുത്തക ഷെഡ്യൂളിലെ ക്രമനമ്പർ - 6 - വെടിവഴിപാട് - ഏറ്റെടുത്ത് നടത്തുവാൻ താൽപ്പര്യമുള്ളവർക്ക് 12-01-2024 ന് വൈകീട്ട് 05.00 മണിക്ക് മുൻപായി ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസിൽ ഓഫർ ലെറ്ററുകൾ ഹാജരാക്കാവുന്നതാണ്. അപ്രകാരം ഹാജരാക്കുന്ന ഓഫർ ലെറ്ററുകൾ ടെന്റർ ഇവാലുവേഷൻ കമ്മിറ്റി 12/01/2024 വൈകീട്ട് 7 മണിക്ക് തുറന്ന് പരിശോധിച്ച് മുൻ ലേലത്തിൽ പ്രസിദ്ധപ്പെടുത്തിയ ഇ.ഒ.പി. 196/23/ശബ. നമ്പരായുള്ള പൊതുനിബന്ധന / സ്പെഷ്യൽ നിബന്ധകൾക്ക് വിധേയമായി കുത്തക നടത്തുന്നതിലേയ്ക്ക് കുത്തകക്കാരനെ തെരഞ്ഞെടുത്ത് വിവരം കുത്തകക്കാരെ തെര്യപ്പെടുത്തുന്നതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഓഫീസർ**

പകർപ്പ് : അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ശബരിമല / പമ്പ / നിലയ്ക്കൽ/ ഐറ്റി ഡിവിഷൻ, ടി.ഡി.ബി. - പരസ്യം വിപുലമായി പ്രസിദ്ധീകരിക്കുന്നതിലേക്കായി.

09/01/2024

**എക്സിക്യൂട്ടീവ് ഓഫീസർ**

## IV. വെടി കുത്തക

1) മകരവിളക്ക്, മേടവിഷു, മാസപൂജ മറ്റ് നടതുറക്കുന്ന കാലയളവുകളിൽ വലിയ നടപ്പന്തലിന് സമീപം വലിയ നടപ്പന്തലിന്റെ റൂഫിനോട് ചേർന്ന് പമ്പയിലേക്കുള്ള വൺവെ, മാളികപ്പുറത്ത് പ്ലാനിൽ കാണിച്ചിരിക്കുന്ന സ്ഥലം, എന്നീ രണ്ടിടങ്ങളിൽ മാത്രം ഡിപ്പാർട്ടുമെന്റിലെ അധികാരമുള്ള ഉദ്യോഗസ്ഥന്മാർ നിർദ്ദേശിക്കുന്നതനുസരിച്ച് കുത്തക ഏർപ്പെടുത്തുന്ന ആൾ ടി വഴിപാടിന് പണം ഹാജരാക്കുന്നവർക്ക് വെടി വഴിപാട് നടത്തികൊടുത്തു കൊള്ളേണ്ടതാണ്.

2) മകരവിളക്ക് കാലത്ത് വലിയ നടപ്പന്തലിനു പിറകുവശം കൊപ്രായാർഡിന് അസൗകര്യമാകാത്ത വിധത്തിൽ വെടിത്തറ സ്ഥാപിക്കേണ്ടതാണ്.

3) വെടി ഒന്നിന് 20/- രൂപ നിരക്കിൽ കൂടുതൽ ലേലക്കാരനോ ടിയാന്റെ ആൾക്കാരോ വാങ്ങുവാൻ പാടുള്ളതല്ല. ആയതിന്റെ നിരക്കു വിവരം പ്രദർശിപ്പിക്കേണ്ടതും അതിനു വിപരീതമായി കൂടുതൽ തുക ഈടാക്കുന്നപക്ഷം ആയത് ദേവസ്വം ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനും കുത്തക റദ്ദ് ചെയ്യുന്നതിനും ഡിപ്പാർട്ടുമെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

4) വെടി വഴിപാട് നടത്തുന്നതുമൂലം അയ്യപ്പൻമാർക്ക് യാതൊരു അസൗകര്യവും ഉണ്ടാകാൻ പാടില്ലാത്തതും ഏതെങ്കിലും തരത്തിൽ ഡിപ്പാർട്ടുമെന്റിനോ അയ്യപ്പൻമാർക്കോ മറ്റാർക്കെങ്കിലുമോ അപകട നഷ്ടം ഉണ്ടാകുന്നപക്ഷം ഡിപ്പാർട്ടുമെന്റ് നിശ്ചയിക്കുന്ന നഷ്ടം കുത്തകക്കാരൻ കെട്ടി വയ്ക്കാൻ ബാദ്ധ്യസ്ഥനാണ്.

5) ശബരിമലയിൽ വെടി വഴിപാട് നടത്തിപ്പിനായി ഗൺപൗഡർ ഫാക്ടറിയുടെയും സ്റ്റോറേജിന്റെയും LE 3 ലൈസൻസ് ശബരിമല എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിലും വെടിവഴിപാട് നടത്തുന്നതിലേയ്ക്കുള്ള LE 2 ലൈസൻസ് ശബരിമല അഡ്മിനിസ്ട്രേറ്റീവ് ഓഫീസരുടെ പേരിലും ലഭ്യമായിട്ടുള്ളതാണ്. കൂടുതലായി വേണ്ടിവരുന്ന ലൈസൻസ് കുത്തകക്കാരൻ സ്വന്തം ചെലവിൽ എടുത്തിരിക്കേണ്ടതും, എക്സ്പ്ലോസീവ് ആക്ടിലേയും ചട്ടങ്ങളിലേയും ലൈസൻസിലെ വ്യവസ്ഥകൾ അനുസരിച്ച് വെടിമരുന്ന് ഉണ്ടാക്കുക, സൂക്ഷിക്കുക, പ്രയോഗിക്കുക തുടങ്ങിയ ജോലികൾ ശബരിമലയിൽ അതിലേക്കായി പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള വെടിമരുന്നുശാലയിൽവച്ചുമാത്രം നടത്തേണ്ടതും അല്ലാതെയുള്ള കെട്ടിടമോ സ്ഥലമോ യാതൊരു കാരണവശാലും ഉപയോഗിക്കാൻ പാടില്ലാത്തതും ഇന്ത്യൻ എക്സ്പ്ലോസീവ് ആക്ടിലെയും എക്സ്പ്ലോസീവ് റൂൾസിലേയും വ്യവസ്ഥകൾ അതേപടി പാലിക്കുന്നതിനും കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും ഏതെങ്കിലും വ്യത്യസ്തമായി കണ്ടാൽ കുത്തക റദ്ദ് ചെയ്തു വേറെ ആളിനെ ഏർപ്പെടുത്തിയോ ഡിപ്പാർട്ട്മെന്റ് ചുമതലയിലോ വെടി വഴിപാട് നടത്തുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരമുണ്ടായിരിക്കുന്നതും അതിനെ ചോദ്യം ചെയ്യുന്നതിന് കുത്തകക്കാരന് അവകാശം ഇല്ലാത്തതുമാകുന്നു. പ്രസ്തുത ആക്ടിലേയും റൂൾസിലേയും വ്യവസ്ഥകൾ അനുസരിച്ച് ഇതര നടപടികൾക്ക് കുത്തകക്കാരൻ ബാദ്ധ്യസ്ഥനാണ്. ഡിപ്പാർട്ടുമെന്റിൽ നിന്നും നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ ആവശ്യമെന്നു കണ്ടാൽ വെടിമരുന്നു സ്റ്റോക്ക് മുതലായ കുത്തകക്കാരൻ ചെയ്തിട്ടുള്ള എല്ലാ ഏർപ്പാടുകളും

പരിശോധിക്കുന്നതിനും സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതും അതിനുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തികൊടുക്കുന്നതിന് കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

6) കുത്തക സംബന്ധിച്ച് ഗവൺമെന്റിലേക്ക് ഏതെങ്കിലും തരത്തിലുള്ള നികുതികൾ കൊടുക്കേണ്ടതുണ്ടായിരുന്നാൽ കുത്തകക്കാരൻ ടി നികുതി നേരിട്ട് കൊടുക്കുന്നതിന് ബാദ്ധ്യസ്ഥനാണ്.

7) കുത്തകക്കാരൻ നിയോഗിക്കുന്ന തൊഴിലാളികൾ വെടിമരുന്നു നിർമ്മിക്കാനും പ്രയോഗിക്കാനും പ്രാവീണ്യവും പരിചയവും സിദ്ധിച്ചവരായിരിക്കേണ്ടതാണ്. ആയത് കൺട്രോളർ ഓഫ് എക്സ്പ്ലോസീവിനെ ബോദ്ധ്യപ്പെടുത്താൻ സന്നദ്ധനുമായിരിക്കണം.

8) കുത്തകക്കാരൻ നിയോഗിക്കുന്ന തൊഴിലാളികളുടെ പേര്, മേൽവിലാസം എന്നിവ രേഖപ്പെടുത്തിയ ലിസ്റ്റും, ഓരോ പാസ്പോർട്ട് സൈസ് ഫോട്ടോയും ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ആഫീസറെ ഏൽപ്പിച്ച് തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡ് സമ്പാദിച്ചുകൊള്ളേണ്ടതാണ്. ഐഡന്റിറ്റി കാർഡ് ഇല്ലാത്തയാതൊരു തൊഴിലാളികൾക്കും വെടിമരുന്നുശാലയ്ക്കുളളിലോ പരിസരത്തോ പ്രവേശനത്തിന് അധീകാരമില്ലാത്തതാണ്..

9) കുത്തകക്കാരൻ സ്വന്തം ചെലവിൽ തൊഴിലാളികളെ ഇൻഷ്വർ ചെയ്യേണ്ടതും അവരുടെ എല്ലാ വിധത്തിലുളള പൂർണ്ണ ഉത്തരവാദിത്വം കുത്തകക്കാരനിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതുമാണ്.

10) പരസ്യവ്യവസ്ഥ പ്രകാരം ലേലം ഉറപ്പിച്ച് കഴിഞ്ഞാൽ ഉടൻ തന്നെ ലേലത്തുക ഒന്നായി അടച്ച് ചെല്ലാൻ ഹാജരാക്കേണ്ടതും അല്ലാതപക്ഷം കുതതക റദ്ദ് ചെയ്ത് ആവർത്തന ലേലം നടത്തുന്നതും, ആയതിൽവച്ച് ഡിപ്പാർട്ടുമെന്റിലേക്ക് നഷ്ടം ഉണ്ടാകുന്നതായാൽ അതിലേക്ക് ടെന്റർകാരൻ ഉത്തരവാദിയായിരിക്കുന്നതും ലാഭമുണ്ടായാൽ ആയതിലേക്ക് ടിയാന് അവകാശം ഇല്ലാത്തതുമാകുന്നു.

11) കുത്തക തുകയിൽ കുത്തകക്കാരൻ അടച്ചു കഴിഞ്ഞ ബാക്കി തുകയ്ക്ക് സെക്യൂരിറ്റിയായി ബാങ്ക് ഗ്യാരന്റി ഹാജരാക്കേണ്ടതാണ്.

12) ശബരിമല ക്ഷേത്രനട തുറന്നിരിക്കുമ്പോൾ മാത്രമേ വെടി വഴിപാട് നടത്തുവാൻ പാടുളളൂ.

13) വന്യജീവികളുടെ സംരക്ഷണത്തിന് കോട്ടം വരാത്ത രീതിയിൽ ശബ്ദം കുറഞ്ഞ വെടികൾ മാത്രമേ വയ്ക്കുവാൻ പാടുള്ളൂ. കതിനയുടെ പൊക്കം/നീളം എക്സ്പ്ലോസീവ് നിയമങ്ങൾ നിഷ്കർഷിക്കുന്നതിൽ കൂടാൻ പാടില്ല.

09/01/2024

ശബരിമല
07-01-2024

എക്സിക്യൂട്ടീവ് ഓഫീസർ
ശബരിമല